കാസർഗോഡ് ജില്ലയിലെ റോഡുകളുടെ ശോച്യാവസ്ഥ

357 (1442) ശ്രീ. കെ. കുഞ്ഞിരാമൻ (നുക്കാപ്പിള്ളി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള പി.ഡബ്ല്യു.ഡി. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മെക്കാഡം ടാറിങ്ങ് നടത്തിയ റോഡുകളുടെ കാലദൈർഘ്യം വളരെ കുറഞ്ഞത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തി 6 കോടി രൂപയുടെ ഭരണാനുമതി നിലവിലുണ്ട്. ദേശീയപാതയിൽ ഉപരിതല കേടുപാടുകൾ സംഭവിച്ച കി.മീ. 29/000 മുതൽ 41/000 വരെയും കി.മീ. 63/000 മുതൽ 94/000 വരെയും ഉപരിതലം പുതുക്കുന്നതിനുള്ള 21.04 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു. സംസ്ഥാന റോഡുനിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ട വിദ്യാനഗർ - മായിപ്പാടി - സീതാംഗോളി റോഡ് (9.40 കി.മീ.), ഉപ്പള – കുമ്പള റോഡ് (15.60 കി.മീ.) എന്നിവയുടെ പുനരുദ്ധാരണത്തിനായി 81 കോടി രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. മുഖേന നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവൃത്തിയുടെ രണ്ടാംഘട്ട പദ്ധതിയിലെ പാക്കേജ് 1-ലെ കാസർഗോഡ് - കാഞ്ഞങ്ങാട് റോഡിന്റെ (കി.മീ. 0/000 മുതൽ 27/780 വരെ) 133.05 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബിറ്റുമിനസ് മെക്കാഡം നടത്തിയ റോഡുകളിൽ ഡിമാന്റ് ലയബിലിറ്റി കാലയളവിൽ കേടുപാടുകൾ സംഭവിച്ചാൽ കരാറുകാരന്റെ ചെലവിൽത്തന്നെ കേടുപാടുകൾ തീർക്കാറുണ്ട്. കൂടാതെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ബിൽ തുക നൽകുന്നതിന് മുമ്പ് ഗുണനിലവാര പരിശോധനയും നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly